**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3067** **25-06-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിച്ച് നൽകുവാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്; | (എ) | ഈ സർക്കാരിന്റെ കാലത്ത് 'പുനർഗേഹം' പദ്ധതി ഒഴികെയുള്ള എല്ലാ ഭവന പദ്ധതികളും ലൈഫ് മിഷനിലൂടെയാണ് നടപ്പിലാക്കുന്നത്. തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന മത്സ്യത്തൊളിലാളികൾ ഉൾപ്പെടെയുള്ള എല്ലാ വിഭാഗത്തിലുള്ള കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന 'പുനർഗേഹം' പദ്ധതിയാണ് ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്നത്. |
| (ബി) | പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നറിയിക്കാമോ; | (ബി) | വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു, |
| (സി) | ഈ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് വീട് വച്ച് നൽകുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്; | (സി) | വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു |
| (ഡി) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത്; പദ്ധതി നടപ്പാക്കുന്നതിനുള്ള ധനസമാഹരണം എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത്; | (ഡി) | മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ മത്സ്യത്തൊഴിലാളി ഗ്രൂപ്പ് വ്യക്തിഗത അപകട ഇൻഷ്വറൻസ് പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കി വരുന്നു. 2024-25 വർഷത്തിൽ മത്സ്യത്തൊഴിലാളി വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരം 509/- രൂപ പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്. അപകട മരണത്തിനും, അപകടം മൂലം സ്ഥിരമായ പൂർണ്ണ അംഗവൈകല്യത്തിനും 10 ലക്ഷം രൂപയുടെ (പത്ത് ലക്ഷം രൂപ) പരിരക്ഷ നൽകുന്നതിനുള്ള പദ്ധതിയാണ് നടപ്പിലാക്കിയിട്ടുള്ളത്. കൂടാതെ ടി പദ്ധതിയിൽ മരണാനന്തര ചടങ്ങുകൾക്കായി 5000/- രൂപയും (അയ്യായിരം രൂപ), മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 100000/- രൂപ (ഒരു ലക്ഷം രൂപ) വ്യവസ്ഥകൾക്ക് വിധേയമായി നൽകുന്നതാണ്. അംഗവൈകല്യം സംഭവിക്കുന്നവർക്ക് അംഗ വൈകല്യത്തിന്റെ |

<table>
<tr><td></td><td></td><td></td><td>
തോതനുസരിച്ച് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. പദ്ധതി നടപ്പിലാക്കുന്നതിനുള്ള എല്ലാ നടപടികളും പൂർത്തിയായി.
പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കുടുംബ ഭദ്രത ഉറപ്പുവരുത്തുന്നതിനു വേണ്ടി മത്സ്യബോർഡ് മുഖാന്തിരം ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കി വരുന്നുണ്ട്. മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ലഭ്യമാകുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><td>അപകടമരണം</td><td>10 ലക്ഷം രൂപ</td></tr>
<tr><td>മത്സ്യബന്ധനവേളയിൽ അപകടം മൂലം കാണാതാകൽ</td><td>10 ലക്ഷം രൂപ</td></tr>
<tr><td>സ്ഥിരവും പൂർണ്ണവുമായ അവശത</td><td>10 ലക്ഷം രൂപ</td></tr>
<tr><td>സ്ഥിരവും ഭാഗികവുമായ അവശത</td><td>5 ലക്ഷം രൂപ</td></tr>
<tr><td>അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം</td><td>5000/- രൂപ വീതം ഒരാൾക്ക് (പരമാവധി 10000/- രൂപ</td></tr>
<tr><td>അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിൽസിക്കേണ്ടി വരുന്നവർക്ക് ധനസഹായം</td><td>25000/- രൂപ (പരമാവധി)</td></tr>
<tr><td>ശവസംസ്കാര ചെലവ്</td><td>2500/- രൂപ</td></tr>
</table>
ഈ പദ്ധതിക്ക് ആവശ്യമായ പ്രീമിയം തുക പൂർണ്ണമായും സംസ്ഥാന സർക്കാർ ആണ് അനുവദിക്കുന്നത്. 2023-24 വർഷത്തിൽ പ്രീമിയം ഇനത്തിൽ 11.19 കോടി രൂപ അനുവദിച്ചിരുന്നു. 2024-25 വർഷവും പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ മത്സ്യബോർഡ് ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു.
നിലവിലുള്ള ഇൻഷ്വറൻസ് പോളിസിക്ക് 2024 ഡിസംബർ 15 വരെ പ്രാബല്യമുണ്ട്. ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിലൂടെ കുടുംബത്തിന്റെ ആശ്രയമായിരുന്ന മത്സ്യതൊഴിലാളിയുടെ വേർപാടിൽ ആ കുടുംബത്തിനു ഒരു സഹായകമാകുന്നു.
</td></tr>
<tr><td>(ഇ)</td><td>പദ്ധതി നടത്തിപ്പിനായി എന്തെല്ലാം തയ്യാറെടുപ്പുകൾ ഭരണതലത്തിൽ നടത്തിയിട്ടുണ്ട് എന്ന് വിശദമാക്കാമോ?</td><td>(ഇ)</td><td>മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ മത്സ്യത്തൊഴിലാളി ഗ്രൂപ്പ് വ്യക്തിഗത അപകട ഇൻഷ്വറൻസ് പദ്ധതി മത്സ്യഫെഡ്</td></tr>
</table>

നടപ്പിലാക്കി വരുന്നു. 2024-25 വർഷത്തിൽ മത്സ്യത്തൊഴിലാളി വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരം 509/- രൂപ പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്. അപകട മരണത്തിനും, അപകടം മൂലം സ്ഥിരമായ പൂർണ്ണ അംഗവൈകല്യത്തിനും 10 ലക്ഷം രൂപയുടെ (പത്ത് ലക്ഷം രൂപ) പരിരക്ഷ നൽകുന്നതിനുള്ള പദ്ധതിയാണ് നടപ്പിലാക്കിയിട്ടുള്ളത്. കൂടാതെ ടി പദ്ധതിയിൽ മരണാനന്തര ചടങ്ങുകൾക്കായി 5000/- രൂപയും (അയ്യായിരം രൂപ), മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 100000/- രൂപ (ഒരു ലക്ഷം രൂപ) വ്യവസ്ഥകൾക്ക് വിധേയമായി നൽകുന്നതാണ്. അംഗവൈകല്യം സംഭവിക്കുന്നവർക്ക് അംഗ വൈകല്യത്തിന്റെ തോതനുസരിച്ച് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. പദ്ധതി നടപ്പിലാക്കുന്നതിനുള്ള എല്ലാ നടപടികളും പൂർത്തിയായി.

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കുടുംബ ഭദ്രത ഉറപ്പുവരുത്തുന്നതിനു വേണ്ടി മത്സ്യബോർഡ് മുഖാന്തിരം ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കി വരുന്നുണ്ട്. മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ലഭ്യമാകുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അപകടമരണം | 10 ലക്ഷം രൂപ |
| മത്സ്യബന്ധനവേളയിൽ അപകടം മൂലം കാണാതാകൽ | 10 ലക്ഷം രൂപ |
| സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| സ്ഥിരവും ഭാഗികവുമായ അവശത | 5 ലക്ഷം രൂപ |
| അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം | 5000/- രൂപ വീതം ഒരാൾക്ക് (പരമാവധി 10000/- രൂപ |
| അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിൽസിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 25000/- രൂപ (പരമാവധി) |
| ശവസംസ്കാര ചെലവ് | 2500/- രൂപ |

ഈ പദ്ധതിക്ക് ആവശ്യമായ പ്രീമിയം തുക പൂർണ്ണമായും സംസ്ഥാന സർക്കാർ ആണ് അനുവദിക്കുന്നത്. 2023-24 വർഷത്തിൽ പ്രീമിയം ഇനത്തിൽ 11.19 കോടി രൂപ

| | | | |
|---|---|---|---|
| | | | അനുവദിച്ചിരുന്നു. 2024-25 വർഷവും പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ മത്സ്യബോർഡ് ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>നിലവിലുള്ള ഇൻഷ്വറൻസ് പോളിസിക്ക് 2024 ഡിസംബർ 15 വരെ പ്രാബല്യമുണ്ട്. ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിലൂടെ കുടുംബത്തിന്റെ ആശ്രയമായിരുന്ന മത്സ്യതൊഴിലാളിയുടെ വേർപാടിൽ ആ കുടുംബത്തിനു ഒരു സഹായകമാകുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 2

## പുനർഗേഹം പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ നിർമ്മിച്ച് നൽകുന്നതിൽ കൈവരിച്ച പുരോഗതി

പുനർഗേഹം പദ്ധതി പ്രകാരം 8845 കുടുംബങ്ങളാണ് നിലവിൽ മാറിത്താമസിക്കുവാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4334 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 3640 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും 2256 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 763 ഭവനങ്ങൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. കൂടാതെ സർക്കാർ/സ്വകാര്യ ഭൂമി ഏറ്റെടുത്ത് ഫ്ലാറ്റുകൾ നിർമ്മിച്ചും പുനരധിവാസം നടപ്പിലാക്കി വരുന്നു. നിർമ്മാണം പൂർത്തീകരിച്ച 390 ഫ്ലാറ്റുകൾ ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

### ഗുണഭോക്താക്കൾക്ക് കൈമാറിയ ഫ്ലാറ്റുകൾ

| ഫ്ലാറ്റ് | ജില്ല | എണ്ണം |
|---|---|---|
| കാരോട് | തിരുവനന്തപുരം | 128 |
| ബീമാപ്പള്ളി | തിരുവനന്തപുരം | 20 |
| ക്യു.എസ്.എസ്. കോളനി | കൊല്ലം | 114 |
| പൊന്നാനി | മലപ്പുറം | 128 |
| ആകെ | | 390 |

ഇപ്രകാരം 2646 കുടുംബങ്ങളുടെപുനരധിവാസം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഈ സർക്കാർ ഭരണാനുമതി നല്കിയ തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിലെ 400 ഫ്ലാറ്റുകളും കടകംപള്ളിയിലെ 168 ഫ്ലാറ്റുകളും ഉൾപ്പെടെ പദ്ധതി പ്രകാരമുള്ള 1112 ഫ്ലാറ്റുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

### നിർമ്മാണത്തിലുള്ള ഫ്ലാറ്റുകൾ

| ഭവന സമുച്ചയം | എണ്ണം | ഭരണാനുമതി തുക (കോടിയിൽ) |
|---|---|---|
| മണ്ണംപുറം | 204 | 21.0 |
| മുട്ടത്തറ | 400 | 81.0 |
| നിറമരുതൂർ | 16 | 2.10 |
| വെസ്റ്റ്ഹിൽ | 80 | 13.54 |
| പൊന്നാനി | 100 | 14.33 |
| കോയിപ്പാടി | 144 | 23.20 |
| കടകംപള്ളി | 168 | 37.62 |
| | **1112** | **192.79** |

കടകംപള്ളിയിൽ 168 ഫ്ലാറ്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രാരംഭ നടപടികൾ സ്വീകരിച്ചു വരികയാണ് സമീപ ഭാവിയിൽ നിർമ്മാണം ആരംഭിക്കുന്നതുമാണ്.

വിവിധ തീരദേശ ജില്ലകളിലായി പദ്ധതി പ്രകാരം പുനരധിവസിപ്പിക്കേണ്ട ഗുണഭോക്താക്കൾക്കായി ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി 76.92 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**